"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - ബഹു.ഹൈക്കോടതി മുമ്പാകെ ശ്രീ. ഭാസ്കരൻ പാതാപ്പിള്ളി,അടിവാരം മത്സ്യക്ലബ്, മലയാറ്റൂർ ഫയൽ ചെയ്ത WP(C)5595/2023 നമ്പർ കേസിലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി)വകുപ്പ്**

സ.ഉ.(സാധാ) നം.115/2024/F&P തീയതി,തിരുവനന്തപുരം, 23-02-2024

---

പരാമർശം:-
1. WP(C)5595/2023-ന്മേലുള്ള ബഹു.കേരള ഹൈക്കോടതിയുടെ 08.11.2023-ലെ വിധിന്യായം.
2. ശ്രീ. ഭാസ്കരൻ പാതാപ്പിള്ളി 01.12.2023 തീയതിയിൽ ബഹു. മത്സ്യബന്ധന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് സമർപ്പിച്ച അപേക്ഷ.
3. മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 12.12.2023 തീയതിയിലെ SC2/283/2022 നമ്പർ കത്ത്.
4. മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29.01.2024 തീയതിയിലെ എസ്.സി2/0024 നമ്പർ കത്ത്.
5. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (മേഖല) എറണാകുളത്തിന്റെ 15.01.2024, 27.01.2024 തീയതികളിലെ DDFEKM/472/2022-B1 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മണപ്പാട്ടുചിറയിൽ മത്സ്യകൃഷി നടത്തുന്നതിനുള്ള അവകാശം സംബന്ധിച്ച് ശ്രീ. ഭാസ്കരൻ പാതാപ്പിള്ളി, അടിവാരം മത്സ്യക്ലബ് എന്നയാൾ ബഹു.കേരള ഹൈക്കോടതി മുമ്പാകെ WP(C)5595/2023 ഫയൽ ചെയ്യുകയുണ്ടായി. ടി WP(C) യിന്മേലുള്ള ബഹു.കേരള ഹൈക്കോടതിയുടെ പരാമർശം (1) പ്രകാരമുള്ള വിധിന്യായത്തിൽ ഹർജിക്കാരൻ മൂന്നാം കക്ഷിയായ മത്സ്യബന്ധന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമക്ഷം സമർപ്പിയ്ക്കുന്ന അപേക്ഷ, ഹർജിക്കാരനെയും മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്തിനേയും നേരിൽ കേട്ട ശേഷം ഒരു മാസത്തിനകം തീർപ്പാക്കുവാൻ നിർദ്ദേശിച്ചിരുന്നു.

2. ബഹു.കേരള ഹൈക്കോടതിയുടെ പരാമർശം (1) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഭാസ്കരൻ പാതാപ്പിള്ളി പരാമർശം (2) പ്രകാരം മത്സ്യബന്ധന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് അപേക്ഷ സമർപ്പിയ്ക്കുകയും തുടർന്ന് വിധിന്യായത്തിൽ നിർദ്ദേശിച്ച പ്രകാരം ശ്രീ. ഭാസ്കരൻ പാതാപ്പിള്ളിയേയും മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയേയും മത്സ്യബന്ധന വകുപ്പ് പ്രിൻസിപ്പൽ

സെക്രട്ടറി 29.12.2023-ന് നേരിൽ കേൾക്കുകയുമുണ്ടായി. ഭീമമായ തുക മുടക്കി കൃഷിയിറക്കിയ ശേഷം ആയതിന്റെ വിളവെടുപ്പിന് അനുവദിയ്ക്കാതെ കൂടുകൾ നീക്കം ചെയ്ത സാഹചര്യത്തിൽ നഷ്ട പരിഹാരമായി ലേല തുക തിരികെ നൽകുകയോ കൂടു കൃഷി തുടരുന്നതിന് അനുവദിക്കുകയോ ചെയ്യണമെന്ന് ശ്രീ. ഭാസ്കരൻ പാതാപ്പിള്ളി അഭ്യർത്ഥിയ്ക്കുകയുണ്ടായി.

3. മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മണപ്പാട്ടുചിറയിൽ മത്സ്യകൃഷി നടത്തുന്നതിനുള്ള അവകാശം 15.02.2018 മുതൽ 14.02.2021 വരെ ശ്രീ. ഭാസ്കരൻ പാതാപ്പിള്ളി ലേലം കൊള്ളുകയും മത്സ്യകൃഷി ആരംഭിക്കുകയുമുണ്ടായെന്നും ടിയാന്റെ അപേക്ഷയിൽ 22.07.2019 ലെ 14(1) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ലേലകാലാവധി തുടർന്ന് 2 വർഷത്തേയ്ക്ക് കൂടി നീട്ടി നൽകുകയും നിലവിലുള്ള തുകയിൽ 2 വർഷത്തേയ്ക്ക് ആനുപാതികമായി കണ്ടെത്തുന്ന തുകയുടെ 20% വർദ്ധനവും ഉൾപ്പെടെ ലേല തുകയായി ഈടാക്കുന്നതിനും 40 കൂടുകൾ അല്ലാതെ ഇനി പ്രധാന ചിറകളിൽ കൂടുകൃഷി നടത്തുവാൻ അനുവദിക്കേണ്ടതില്ലെന്നും തീരുമാനിച്ചിരുന്നതായി മലയാറ്റൂർ നീലീശ്വരം പഞ്ചായത്ത് സെക്രട്ടറി പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മണപ്പാട്ടുചിറയിൽ ശ്രീ. ഭാസ്കരൻ മത്സ്യകൃഷി ആരംഭിക്കുന്നതിന് മുൻപേ ഗ്രാമപഞ്ചായത്ത് നേരിട്ട് ബോട്ടിംഗ് ചെയ്യുന്നതിന് ലേലം ചെയ്തുവരുന്നതാണെന്നും, മണപ്പാട്ടുചിറയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കമുള്ളതിനാൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 05.12.2017-ന് നടന്ന യോഗത്തിന്റെ മിനിട്സ് പ്രകാരം മണപ്പാട്ടുചിറയിൽ ബോട്ടിംഗിനായി ടെൻഡർ വിളിക്കുന്നതിന് ഡി.റ്റി.പി.സി-യെ ചുമതലപ്പെടുത്തിയിരുന്നു എന്നും, ആയത് പ്രകാരം 2017 മുതൽ നാളിതുവരെ ബോട്ടിംഗിനായുള്ള ടെൻഡർ നടപടികൾ ഡി.റ്റി.പി.സി ഓഫീസ് വഴി നടത്തിവരുന്നു എന്നും ബോട്ടിംഗ് നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ഭാസ്കരൻ പാതാപ്പിള്ളി ബഹു.ഹൈക്കോടതി മുൻപാകെ സമർപ്പിച്ച കേസിന്റെ വിധിന്യായത്തിൽ ബോട്ടിംഗ് തടസ്സപ്പെടുത്തരുതെന്ന് ഉത്തരവായിരുന്നുവെന്നും മലയാറ്റൂർ നീലീശ്വരം പഞ്ചായത്ത് സെക്രട്ടറി പരാമർശം (4) പ്രകാരം അറിയിച്ചിട്ടുണ്ട്.

5. കേരള ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) നിയമം 2021-ലെ വകുപ്പ് 8(1) അനുസരിച്ച് ഈ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനിൽ നിന്ന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ലൈസൻസും നേടിയിട്ടില്ലാത്ത ആരും ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷി പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പാടില്ലെന്നും 2018-19 കാലയളവിൽ കേരള ഇൻലാൻഡ് ഫിഷറീസ് & അക്വാകൾച്ചർ ആക്ട് പ്രകാരം കൂടു മത്സ്യകൃഷിക്കായി രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ അനുവദിച്ചിട്ടുള്ളതും, 2019-20, 2020-21 വർഷങ്ങളിൽ ലൈസൻസ് പുതുക്കി നല്കിയിട്ടുള്ളതുമാണെന്നും എന്നാൽ പിന്നീട് ലൈസൻസ് പുതുക്കുന്നതിനായി ഗ്രൂപ്പ് അപേക്ഷ സമർപ്പിക്കുകയോ അതിനു വേണ്ടിയിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കുകയോ ചെയ്തിട്ടില്ലെന്നും, മണപ്പാട്ടുചിറ പോലുള്ള ജലാശയങ്ങളിൽ മത്സ്യകൃഷിക്ക് ഏറ്റവും അനുയോജ്യമായ രീതിയാണ് കൂട് മത്സ്യകൃഷിയെന്നും ഇത്തരം കുളങ്ങളിൽ കൂടുകൃഷി

അല്ലാതെ സ്വാഭാവികമായി മത്സ്യങ്ങളെ വളർത്തുന്നതും വിളവെടുക്കുന്നതും വളരെ ബുദ്ധിമുട്ടുള്ളതും ചെലവേറിയതുമാണെന്നും അത് ഒരിക്കലും ലാഭകരമായി ചെയ്യാൻ കഴിയില്ലെന്നും എറണാകുളം മേഖല ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. ബഹു.കേരള ഹൈക്കോടതിയുടെ പരാമർശം (1) വിധിന്യായം പാലിക്കുന്നതിന്റെ ഭാഗമായി പരാമർശം (2) അപേക്ഷ, പരാതിക്കാരനെ നേരിൽ കേട്ടതിന്റെയും ഈ വിഷയത്തിൽ മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, എറണാകുളം മേഖല ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറും സമർപ്പിച്ച റിപ്പോർട്ടിന്റെയും അനുബന്ധ രേഖകളുടെയും അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി.

7. കരാർ കാലാവധിയായ 14.02.2021 നു ശേഷം പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ശ്രീ. ഭാസ്കരൻ പാതാപ്പിള്ളിയ്ക്ക് ലേലകാലാവധി 2 വർഷത്തേയ്ക്ക് കൂടി നീട്ടി നൽകിയിരുന്നെങ്കിലും മത്സ്യകൃഷി തുടരുന്നതിലേയ്ക്കായി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ലൈസൻസും നേടിയിട്ടില്ലെന്നു കാണുന്നു. മാത്രമല്ല കാലാവധി ദീർഘിപ്പിച്ച വകയിൽ ഒടുക്കേണ്ടതായ തുകയുടെ മൂന്നാം ഗഡുയിനത്തിൽ 25,000 രൂപ കിഴിച്ച് ശേഷിച്ച തുക ഒടുക്കാനുള്ളതായും കാണുന്നു. പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ലേലകാലാവധി 2 വർഷത്തേയ്ക്ക് കൂടി നീട്ടി നൽകിയ സാഹചര്യത്തിൽ, കൂടുകൾ മാറ്റുന്നതിന് ശ്രീ.ഭാസ്കരൻ പാതാപ്പിള്ളിയ്ക്ക് നോട്ടീസ് നൽകിയശേഷമാണ് കൂടുകൾ നീക്കം ചെയ്തതെങ്കിലും, ലക്ഷങ്ങൾ മുടക്കിയ കൃഷിയുടെ വിളവെടുപ്പിന് അവസരം നൽകാമായിരുന്നു.

8. മണപ്പാട്ടുചിറ പോലുള്ള ജലാശയങ്ങളിൽ മത്സ്യകൃഷിക്ക് ഏറ്റവും അനുയോജ്യമായ രീതിയാണ് കൂട് മത്സ്യകൃഷിയെന്നും ഇത്തരം കുളങ്ങളിൽ കൂടുകൃഷി അല്ലാതെ സ്വാഭാവികമായി മത്സ്യങ്ങളെ വളർത്തുന്നതും വിളവെടുക്കുന്നതും വളരെ ബുദ്ധിമുട്ടുള്ളതും ചെലവേറിയതും ഒരിക്കലും ലാഭകരമായി ചെയ്യാൻ കഴിയില്ലെന്നുള്ള വസ്തുതയും, വിളവെടുപ്പിന് അനുവദിയ്ക്കാതെ കൂടുകൾ നീക്കം ചെയ്തതുവഴി ഹർജിക്കാരനുണ്ടായ ഭീമമായ നഷ്ടവും പരിഗണിച്ച്, നഷ്ടപരിഹാരമായി ലേല തുക തിരികെ നൽകുകയോ കൂടു കൃഷി തുടരുന്നതിന് അനുവദിക്കുകയോ ചെയ്യണമെന്ന ശ്രീ. ഭാസ്കരൻ പാതാപ്പിള്ളി, അടിവാരം മത്സ്യക്ലബ് എന്നയാളുടെ ആവശ്യം അനുഭാവപൂർവ്വം പരിഗണിച്ച് ഉചിത തീരുമാനമെടുക്കുന്നതിന് മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകി, അപ്രകാരം ശ്രീ. ഭാസ്കരൻ പാതാപ്പിള്ളി പരാമർശം (2) പ്രകാരം സമർപ്പിച്ച ഹർജി തീർപ്പാക്കി ബഹു.ഹൈക്കോടതിയുടെ പരാമർശം 1-ലെ വിധിന്യായം പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**K S SRINIVAS**
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. (ആമുഖകത്ത് സഹിതം)
ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്ത്, നീലീശ്വരം, എറണാകുളം
ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (മേഖല) എറണാകുളം.
ശ്രീ.ഭാസ്കരൻ പാതാപ്പിള്ളി, അടിവാരം മത്സ്യക്ലബ്, മലയാറ്റൂർ പി.ഒ, പിൻ-683587
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്&ന്യൂമീഡിയ) വകുപ്പ്,തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sabitha Sadasivan
Date: 26-02-2024 10:47:24
Reason: Approved

സെക്ഷൻ ഓഫീസർ